ഉത്തരം

(എ) 774 ബസ്സുകൾ പിൻവലിക്കുകയും പകരം 264 പുതിയ ബസ്സുകൾ നിരത്തിലിറക്കുകയുമുണ്ടായി.

(ബി&സി) നഷ്ടത്തിലോടിയിരുന്ന 146 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. റദ്ദു ചെയ്യുകയുണ്ടായി. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റൂട്ടുകൾ സ്വകാര്യ വൽക്കരിച്ചിട്ടില്ല. ദേശസാൽക്കൃത റൂട്ടുകളിൽ കഴിയുന്നത്ര ട്രിപ്പുകൾ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ഓടിക്കുന്നുണ്ട്. കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെന്നുകണ്ടാൽ ഈ മേഖലകളിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്.

കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന വാഹന സർവ്വീസുകൾ

60 (1252) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന വാഹന കരാർ പ്രകാരം എത്ര സർവ്വീസുകൾ വീതം ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇതിൻ പ്രകാരം എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട് ;

(സി) ശേഷിച്ച സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് വിവിധ റൂട്ടുകളിലായി 75 ബസ്സുകൾക്ക് 288 ട്രിപ്പുകൾ ഓടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സർവ്വീസുകളുടെയും റൂട്ടുകളുടേയും വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. യിൽ സ്റ്റോർ പർച്ചേസ് നിയമം കർശനമായി പാലിക്കാൻ നടപടി

61 (1260) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന്റെ സ്റ്റോർ പർച്ചേസ് വിഭാഗം തയ്യാറാക്കിയിട്ടുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണോ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സാധന സാമഗ്രികൾ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly